"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - സമാശ്വാസ തൊഴിൽദാന പദ്ധതി - വെളിയനാട് ബ്ലോക്ക് പഞ്ചായത്തിലെ ക്ലാർക്ക് ആയി സേവനമനുഷ്ഠിച്ചു വരവെ മരണമടഞ്ഞ പി.രാജേഷിന്റെ ഭാര്യ ശ്രീമതി. പ്രമീള.എസ്-ന് ഗ്രാമവികസന വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(കൈ) നം.245/2021/ത.സ്വ.ഭ.വ** **തീയതി:26.10.2021,തിരുവനന്തപുരം**

---

പരാമർശം: 1) 24.05.1999-ലെ സ.ഉ.(പി) നം.12/99/ഉഭപവ ഉത്തരവ്.

2) ശ്രീമതി .എസ്.പ്രമീള,രതീഷ് ഭവനം, കാർത്തികപ്പള്ളി, മഹാദേവികാട് പി.ഒ-690516, ആലപ്പുഴ സമർപ്പിച്ച 26.08.2020-ലെ അപേക്ഷ.

3) ഗ്രാമ വികസന കമ്മീഷണറുടെ 22.02.2021-ലെ എസ്റ്റാ.സി2/ 10853/ 2020/സിആർഡി നമ്പർ കത്ത്.

4) ആലപ്പുഴ ജില്ലാ കളക്ടറുടെ 09.09.2021-ലെ ഡി സി എ എൽ പി /2873/2021-A7 നമ്പർ കത്ത്

## ഉത്തരവ്

സർക്കാരിന്റെ സമാശ്വാസ തൊഴിൽദാനപദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിലേക്കായി, ആലപ്പുഴ ജില്ലയിൽ വെളിയനാട് ബ്ലോക്ക് പഞ്ചായത്തിൽ ക്ലാർക്ക് ആയി സേവനമനുഷ്ഠിച്ചു വരവെ 06.10.2019-ൽ മരണമടഞ്ഞ പി.രാജേഷിന്റെ ഭാര്യ ശ്രീമതി.പ്രമീള.എസ്,രതീഷ് ഭവനം, കാർത്തികപ്പള്ളി, മഹാദേവികാട് പി.ഒ-690516, ആലപ്പുഴ, സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പരേതനായ പി.രാജേഷിന്റെ ജനന തീയതി 21.05.1977-ഉം, സർവ്വീസിൽ പ്രവേശിച്ച തീയതി 31.12.2001-ഉം ആണ്. ടിയാന് ശൂന്യവേതനാവധിയിൽ പ്രവേശിച്ചിരുന്ന കാലയളവ് കഴിച്ച 10 വർഷം 2 മാസം 16 ദിവസം പെൻഷന് യോഗ്യതയുള്ള സേവനദൈർഘ്യമായി കണക്കാക്കിയിട്ടുണ്ട്.

2) ഗ്രാമവികസന കമ്മീഷണർ പരാമർശം (3)-ലെ കത്തു പ്രകാരം അപേക്ഷകയായ ശ്രീമതി.പ്രമീള.എസ്-ന്റെ ജനന തീയതി 04.01.1986 ആണെന്നും ടിയാൾ എസ് എസ് എൽ സി പാസ്സായിട്ടുണ്ട് എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ ജോലിക്കായി പരേതന്റെ ആശ്രിതരിൽ മറ്റാരും തന്നെ അപേക്ഷിച്ചിട്ടില്ലായെന്നും, ആർക്കും ജോലി ലഭിച്ചിട്ടില്ലായെന്നും അപേക്ഷകയും, ആലപ്പുഴ ജില്ലാ കളക്ടറും വ്യക്തമാക്കിയിട്ടുണ്ട്. പരേതന്റെ ആശ്രിത എന്ന നിലയിൽ അപേക്ഷകയായ ശ്രീമതി.പ്രമീള.എസ്-ന് ജോലി നൽകുന്നതിന് പരേതന്റെ മറ്റ് അവകാശികൾ സമ്മതപത്രം ഒപ്പിട്ടു നൽകിയിട്ടുണ്ട്. അപേക്ഷകയുടെ കുടുംബ വാർഷിക വരുമാനം 48,000/- രൂപയാണെന്ന് ( നാല്പത്തിയെട്ടായിരം രൂപ മാത്രം) കാർത്തികപ്പള്ളി വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

3) മേൽ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വെളിയനാട് ബ്ലോക്ക് പഞ്ചായത്തിൽ ക്ലാർക്ക് ആയി സേവനമനുഷ്ഠിച്ചു വരവെ മരണമടഞ്ഞ പി.രാജേഷിന്റെ ഭാര്യ ശ്രീമതി.പ്രമീള.എസ്,രതീഷ് ഭവനം, കാർത്തികപ്പള്ളി, മഹാദേവികാട് പി.ഒ-690516, ആലപ്പുഴ-യ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ഗ്രാമവികസന വകുപ്പിൽ

ക്ലാർക്ക് തസ്തികയിലേക്ക് 26500-60700 രൂപ ശമ്പള സ്കെയിലിൽ ആലപ്പുഴ ജില്ലയിലോ, ടി ജില്ലയിൽ ഒഴിവില്ലാത്ത പക്ഷം കൊല്ലം എറണാകുളം എന്നീ ജില്ലകളിൽ ഏതിലെങ്കിലുമോ നിലവിലുള്ളതോ/ഉടൻ ഉണ്ടാകാൻ ഇടയുള്ളതോ ആയ ഒഴിവിലേയ്ക്ക് നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ നിയമനം സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനം നൽകുന്നതിന് നീക്കിവച്ചിട്ടുള്ള ഒഴിവിന്റെ ലഭ്യതയ്ക്കും, പരാമർശം (1)-ലെ സർക്കാർ ഉത്തരവിലെ നിബന്ധനകൾക്കും വിധേയമായിരിക്കും.

4) അപേക്ഷകയ്ക്ക് ഒഴിവിന്റെ ലഭ്യതയനുസരിച്ച് എത്രയും വേഗം ഗ്രാമവികസന കമ്മീഷണർ നിയമന ഉത്തരവ് നല്കേണ്ടതാണ്. ടിയാളെ സർവ്വീസിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പ് സർട്ടിഫിക്കറ്റുകളുടെ അസ്സൽ വാങ്ങി പരിശോധിച്ച് ബോദ്ധ്യപ്പെടേണ്ടതും ചട്ടപ്രകാരമുള്ള മറ്റെല്ലാ നടപടിക്രമങ്ങളും പാലിക്കേണ്ടതുമാണ്. നിയമന വിവരം മരണമടഞ്ഞ ജീവനക്കാരന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തി നിയമനാധികാരി സൂക്ഷിക്കേണ്ടതും നിയമന ഉത്തരവിന്റെ പകർപ്പ് സർക്കാരിൽ ലഭ്യമാക്കേണ്ടതുമാണ്. അപേക്ഷക വസ്തുതകൾ മറച്ചുവച്ച് തെറ്റായ വിവരങ്ങൾ നൽകിയിരുന്നു എന്ന് വെളിവാകുന്ന പക്ഷം നിയമനത്തിന് അനുമതി നൽകിക്കൊണ്ടുള്ള ഈ ഉത്തരവ് റദ്ദാക്കുന്നതായിരിക്കും.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ബാലുമഹേന്ദ്ര.ബി
അണ്ടർ സെക്രട്ടറി

ശ്രീമതി.പ്രമീള.എസ്,രതീഷ് ഭവനം, കാർത്തികപ്പള്ളി, മഹാദേവികാട് പി.ഒ-690516, ആലപ്പുഴ (രജിസ്റ്റേർഡ് പോസ്റ്റ്)
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.
അക്കൌണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം/തൃശ്ശൂർ.
ജില്ലാ കളക്ടർ, ആലപ്പുഴ
ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ, ബ്ലോക്ക്ഡെവലപ്മെന്റ്ഓഫീസ്, വെളിയനാട്,ആലപ്പുഴ
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്. (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ